യഥാർത്ഥത്തിൽ വർഷങ്ങളായി അതിൽ ജീവിക്കുന്ന കർഷകർക്ക് ലഭിക്കാനാവശ്യമായ ചർച്ചകൾ അല്ലെങ്കിൽ തീരുമാനങ്ങൾ എടുക്കാൻ ജില്ലകളിൽ പറഞ്ഞതുപോലെ റവന്യൂ ഉദ്യോഗസ്ഥന്മാർ, ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയ ആളുകളെ ബന്ധപ്പെടുത്തികൊണ്ടുള്ള ഒരു കമ്മിറ്റിയോ അതിനുള്ള സംവിധാനമോ ഉണ്ടാക്കണം.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇപ്പോൾത്തന്നെ നിലവിൽ അതിനുള്ള സംവിധാനമുണ്ട്. ജില്ലാ തലത്തിൽ ഇത്തരം കമ്മിറ്റികളുണ്ട്. ജില്ലകളിൽ തീരാത്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിൽ കമ്മിറ്റികളുണ്ട്. അടിയന്തിരമായി ജില്ലയിലെ ജില്ലാ കളക്ടർമാരുടെയും ഡെപ്യൂട്ടി കളക്ടർമാരുടെയും സംയുക്തയോഗം വിളിച്ചു കൂട്ടി ഓരോ ജില്ലയിലേയും ഇത്തരം പ്രശ്നങ്ങൾ അടിയന്തിരമായി പരിശോധിക്കാനും അവിടെ തീരാത്ത പ്രശ്നങ്ങൾ ഉടനെ തന്നെ സംസ്ഥാനതല കമ്മിറ്റിയെ അറിയിക്കണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കഴിയുന്നത്രവേഗം ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

III സബ്മിഷൻ

(1) മലപ്പുറം ജില്ലയിലെ വൈലത്തൂരിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, മലപ്പുറം ജില്ലയിൽ വൈലത്തൂരിൽ ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിച്ചു കിട്ടുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കെ.എസ്.ഇ.ബി. യുടെ തിരൂർ ഈസ്റ്റ് മേജർ സെക്ഷന്റെ കീഴിൽ നാൽപ്പത്തിരണ്ടായിരത്തോളം വൈദ്യുതി ഉപഭോക്താക്കളുണ്ട്. ഇതിൽ പൊൻമുണ്ടം, ഒഴൂർ, താനാളൂർ, ചെറിയ മുണ്ടം പഞ്ചായത്തുകളിലെ പന്ത്രണ്ടായിരത്തോളം വൈദ്യുതി ഉപഭോക്താക്കൾ പണമടയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. എട്ട് കി.മീറ്റർ യാത്ര ചെയ്തുവേണം ഈ ഓഫീസിലെത്താൻ. അതിനുപുറമേ ഈസ്റ്റ് മേജർ സെക്ഷൻ ഓഫീസ് ഇപ്പോൾ തിരൂർ താഴെ പാലത്തുള്ള കെ.എസ്.ഇ.ബി. യുടെ സ്വന്തം കെട്ടിടത്തിലേയ്ക്കു മാറ്റാൻ പോകുകയാണ്. അതു മാറ്റുന്നതോടുകൂടി ഞാൻ നേരത്തേ പറഞ്ഞ പഞ്ചായത്തുകളിലെ ജനങ്ങളുടെ പ്രയാസങ്ങൾ കുറെകൂടി അധികരിക്കാൻ പോകുന്നു. അവർ രണ്ടും മൂന്നും ബസ്സ് കയറി വേണം പുതിയ ഓഫീസിലെത്താൻ. അവർക്ക് സാമ്പത്തിക നഷ്ടത്തിനുപുറമെ സമയ നഷ്ടം കൂടിയുണ്ടാകാൻ പോകുകയാണ്. ഇതു പരിഹരിക്കുന്നതിനുവേണ്ടി വളരെ വർഷങ്ങളായി ഈ പ്രദേശങ്ങളിലെ ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു പുതിയ സെക്ഷൻ ഓഫീസ് താനൂർ നിയോജകമണ്ഡലത്തിലെ പൊൻമുണ്ടം പഞ്ചായത്തിലെ വൈലത്തൂർ കേന്ദ്രമാക്കി തുറന്നു കഴിഞ്ഞാൽ ഈ പഞ്ചായത്തുകളിലെ ജനങ്ങളുടെ പ്രയാസങ്ങൾ ലഘൂകരിക്കാൻ സാധിക്കും. അതോടൊപ്പം തന്നെ 42,000

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കളെ കൈകാര്യം ചെയ്യുന്ന തിരൂർ ഈസ്റ്റ് മേജർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനങ്ങളിലും പുരോഗതിയുണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് വൈലത്തൂർ കേന്ദ്രമാക്കി ഒരു പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് തുടങ്ങുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിൽപ്പെട്ട തിരൂർ ഡിവിഷനിലെ തിരൂർ ഈസ്റ്റ് ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിന്റെ പരിധിയിലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച പൊൻമുണ്ടം പഞ്ചായത്തിലെ വൈലത്തൂർ പ്രദേശം സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ ഇതൊരു ലൈൻമാൻ സെന്ററായിട്ടാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മറ്റു സംഘടനകളിലെ പ്രതിനിധികൾ ഉൾപ്പെടുയുള്ളവർ, ബഹുമാനപ്പെട്ട അംഗം, തുടങ്ങിയവർ ഈ പ്രദേശത്ത് ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കാനുള്ള നിവേദനം നൽകിയിട്ടുണ്ട്. ഇതിന്മേൽ മഞ്ചേരി ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ നിർദ്ദേശം ബോർഡിന്റെ പരിഗണനയിലാണ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഊർജ്ജിത നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളതുപ്രകാരം ബോർഡിന്റെ പുന:സംഘടന തുടങ്ങിയവ ഏതാനും മാസങ്ങൾക്കുള്ളിൽ നടപ്പാക്കിയതിനുശേഷമാണ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളുണ്ടാകുന്നത്. അത്തരമൊരു തീരുമാനമെടുക്കുന്ന സന്ദർഭത്തിൽ ന്യായമായ ഈ ആവശ്യം പരിഗണിക്കുന്നതാണ്.

(2) ഗ്രാമവികസന ജീവനക്കാരുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. പി. ജെ. ജോയി : സർ, കേരളത്തിലെ ഗ്രാമവികസന ജീവനക്കാർ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചു നടത്തുകയാണ്. അവരുടെ ആവശ്യങ്ങളിൽ പ്രധാനമായിട്ടുള്ളത് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ, ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ, മറ്റ് എക്സ്റ്റെൻഷൻ ഓഫീസർമാർ എന്നിവരെ സാങ്കേതിക വിഭാഗം ജീവനക്കാരായി അംഗീകരിച്ച് അടിസ്ഥാന ശമ്പളം വർദ്ധിപ്പിക്കുക, ബാബുപോൾ കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പാക്കുക എന്നിവയാണ്. ബാബുപോൾ കമ്മീഷനിലെ റിപ്പോർട്ടിൽ 50 ശതമാനം തസ്തിക വി.ഇ.ഒ., എൽ.വി.ഇ.ഒ. മാർക്കായി മാറ്റിവെച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിരുന്നത് 25 ശതമാനം ബൈ ട്രാൻസ്ഫർ നിയമനം, 25 ശതമാനം നേരിട്ടുള്ള നിയമനം എന്നാണ്. ആ നിലയിൽ ആ റിപ്പോർട്ട് ഗവൺമെന്റിന്റെ കൈവശമുണ്ട്. അതുപോലെതന്നെ ജോയിന്റ് ബി.ഡി.ഒ. തസ്തികയുണ്ടാക്കണമെന്നും ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. അതുപോലെതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 17 കമ്മീഷണർമാരായി. ഇതുമൂലം ഈ രംഗത്തെ പ്രവർത്തനങ്ങൾ ഒരു സ്തംഭനാവസ്ഥയിലെത്തിയിരിക്കുകയാണ്. ഇവരുടെ ആവശ്യങ്ങൾ അംഗീകരിക്കാമെന്നും 1999 മാർച്ച് മാസം 10-ാം തീയതി ഗ്രാമവികസന മന്ത്രിയായ ശ്രീ. ടി.കെ. രാമകൃഷ്ണന്റെ

LIBRARY ARCHIVES Kerala Legislative Assembly